# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4138 — 16/03/2017 -ലെ മറുപടി

## ചൊവ്വര ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 13 എം.എൽ.ഡി. സ്ഥാപിത ശേഷി യുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്), 63 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പുതിയത്) എന്നിവ ആരംഭിച്ചത് ഏതു വർഷം എന്ന് വ്യക്തമാക്കാമോ; | (എ) | 1914-ൽ 3mld സ്ഥാപിതശേഷിയോടെ ആരംഭിച്ച ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്) 1941-ലും 1956-ലും നടത്തിയ വിപുലീകരണത്തോടെയാണ് സ്ഥാപിത ശേഷി 13 mld ആയി വർദ്ധിച്ചത്. 63 mld സ്ഥാപിതശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പുതിയത്) 2006-ൽ ആരംഭിച്ചു. |
| (ബി) | 63 എം.എൽ.ഡി. സ്ഥാപിത ശേഷി യുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പുതിയത്) യിൽനിന്നും നിലവിൽ വിതരണം ചെയ്യുന്ന പ്രദേശങ്ങളിൽ അല്ലാതെ മറ്റെവിടേക്കെങ്കിലും ശുദ്ധ ജലം നൽകുന്നതിന് സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി), | ഉണ്ട്. |
| (സി) | എങ്കിൽ ഏതൊക്കെ ആവശ്യത്തി നെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | ജലനിധി-II പദ്ധതിയിൽ നെടുമ്പാശ്ശേരിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.<br>പഴയ 13 mld ശുദ്ധീകരണശാല പുന:രുദ്ധരിച്ച് ശേഷി പൂർണ്ണതോതിൽ എത്തിച്ചും, 2019 വരെയുള്ള ശുദ്ധജല ആവശ്യകത കണക്കിലെടുത്ത് 63 mld ശുദ്ധീകരണ ശാലയിലെ നിലവിലുള്ള പ്രദേശങ്ങളിലെ ആവശ്യകത കഴിഞ്ഞ് അധികം വരുന്ന ജലവും ഈ ശുദ്ധീകരണശാല പുന:രുദ്ധരിച്ച് ഉത്പാദനശേഷി കൂട്ടി ലഭിക്കുന്ന ജലവും മേൽ പ്രസ്താവിച്ച പദ്ധതിക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | ഇത്തരത്തിൽ ഒരു തീരുമാനം എടുത്തി ട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ

JSK/